പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2553 19.06.2013 ലെ മറുപടിക്ക്

<u>പട്ടികജാതി - പട്ടികവർഗ്ഗക്കാരായ പെട്രോളിയം ഡീലർമാർക്ക് വായ്പ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതിപിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗക്കാരായ പെട്രോളിയം ഡീലർമാർക്ക് എസ്.സി/എസ്.ടി വികസന കോർപ്പറേഷൻ മുഖേന വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എന്നാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; | (എ) | 29.2.2012 തീയതിയിലെ സ.ഉ. (സാധാ) നം. 366/2012/പജപവവിവ ഉത്തരവ് പ്രകാരം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് വായ്പ നൽകുന്നതിനായി 3 കോടി രൂപ അനുവദിച്ചു. വായ്പ വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്; എത്ര പേർക്കായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ ആർക്കും പ്രസ്തുത പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടില്ല. |
| (സി) | വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; | (സി) | 29.05.2012 ലെ സ.ഉ. (സാധാ) നം.776/12/ പജപവവിവ, 3.5.2013 ലെ സ.ഉ. (സാധാ) നം.587/13/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (ഡി) | വായ്പ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (ഡി) | വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിലെ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം വായ്പ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത വായ്പ യഥാർത്ഥ പട്ടികജാതി – പട്ടികവർഗ്ഗ സംരം ഭകർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഉണ്ട്; അപേക്ഷകർ ഓരോരുത്തരും തന്നെ പൊതുമേഖലയിലെ ഒരു പെട്രോളിയം കമ്പനിയിലെ അംഗീകൃത ഡീലർമാരാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (ഡീലർഷിപ്പ് എഗ്രിമെന്റ്, ലെറ്റർ ഓഫ് അപ്പോയിന്റ്മെന്റ്/ലെറ്റർ ഓഫ് റെക്കഗ്നേഷൻ എന്നിവയുടെ കോപ്പി) ഹാജരാക്കുന്നതിനും അത് ബന്ധപ്പെട്ട കമ്പനിയിലേക്കയച്ച് അതിന്റെ സത്യാവസ്ഥ സ്ഥിരീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അപേക്ഷകരുടെ ജാതിസർട്ടിഫിക്കറ്റും കോർപ്പറേഷൻ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം - P

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന വായ്പ നൽകുന്ന പദ്ധതി-നിബന്ധനകൾ-അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

*സ.ഉ. (സാധാ) നം.776/12/പജ.പവ.വിവ* — *തിരുവനന്തപുരം, തീയതി. 29/05/12*

---

പരാമർശം:- 1) 29/2/12-ലെ സ.ഉ.(സാധാ) നം. 366/12/പജപവവിവ നമ്പർ കത്ത്.

***<u>ഉത്തരവ്</u>***

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗീകൃതപെട്രോളിയം ഡീലർമാർക്ക് സ്വയം തൊഴിൽ ഉപാധി എന്ന നിലയിൽ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന വായ്പാ സഹായം നൽകുന്നതിന് പരാമർശം ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്ന ഈ വായ്പ പദ്ധതി ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

**<u>പൊതുവായ നിബന്ധനകൾ</u>**

1. പൊതുമേഖലയിലെ പെട്രോളിയം കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, എന്നീ കമ്പനികളുടെ അംഗീകൃതവും പ്രവർത്തന ക്ഷമവുമായ ഡീലർമാരെ മാത്രമേ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന മേൽ പദ്ധതിയിൽ പ്രവർത്തന മൂലധന വായ്പാ സഹായം നൽകുന്നതിനായി പരിഗണിക്കുകയുള്ളൂ. പെട്രോൾ/ഡീസൽ/എൽ.പി.ജി, അനുബന്ധ ഉൽപ്പന്നങ്ങൾ ബന്ധപ്പെട്ട കമ്പനിയിൽ നിന്നും ചില്ലറ വിൽപ്പനക്കായി വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിനായി മാത്രമാണ് വായ്പ അനുവദിക്കുന്നത്.
2. കോർപ്പറേഷനിൽ വായ്പക്കായി അപേക്ഷ സമർപ്പിക്കുന്നവർ എല്ലാവരും തന്നെ താൻ മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു കമ്പനിയുടെ അംഗീകൃത ഡീലർ ആണെന്ന് തെളിയിക്കുന്നതിനായി അപേക്ഷകനും നിശ്ചിത കമ്പനിയുമായുള്ള ഡീലർഷിപ്പ് എഗ്രിമെന്റ്, ലെറ്റർ ഓഫ് അപ്പോയിന്റ്മെന്റ്, റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യവയിൽ ലെറ്റർ ഓഫ് റെക്കഗ്നേഷൻ എന്നിവയുടെ കോപ്പി പ്രാഥമിക പരിശോധനക്കായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. വായ്പക്കായി അപേക്ഷിക്കുന്ന ഡീലറുടെ കഴിഞ്ഞ 2 വർഷങ്ങളിലെ (2010-2011, 2011-2012) ഓഡിറ്റഡ് ബാലൻസ് ഷീറ്റിന്റേയും പ്രോഫിറ്റ് ആന്റ് ലോസ്സ് അക്കൗണ്ടിന്റേയും കോപ്പി, കഴിഞ്ഞ 2 വർഷങ്ങളിൽ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്തതിന്റെ എക്നോളജ്മെന്റ് കോപ്പി എന്നിവ ഹാജരാക്കേണ്ടതാണ്. എന്നാൽ 01/01/2012-നു ശേഷം മാത്രം ഡീലർഷിപ്പ് ലഭിച്ച് പ്രവർത്തനം ആരംഭിച്ച അപേക്ഷകർക്ക് ഇത് ബാധകമല്ല.

4. ബന്ധപ്പെട്ട- പെട്രോളിയം കമ്പനിയിൽ നിന്നും അപേക്ഷകർ നേരത്തേ പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന ദിവസം വായ്പയിന്മേൽ കുടിശ്ശിക എത്രയാണെന്നും അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്.
5. പ്രവർത്തന മൂലധന വായ്പക്കായി അപേക്ഷിക്കുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ മാത്രം ഉൾപ്പെട്ട ഒരു സംഘടന (പാർട്ട്ണർഷിപ്പ് ഫേം, പ്രൈവറ്റ് ലിമിറ്റഡ് കമ്പനി, സഹകരണ സംഘം, ട്രസ്റ്റ് മുതലായവ) ആണെങ്കിൽ അതിന്റെ നിയമാവലി (പാർട്ട്ണർ ഷിപ്പ് ഡീഡ്, മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ട്രസ്റ്റ് ഡീഡ് തുടങ്ങിയവ) യുടെ കോപ്പിയും ഓരോ പങ്കാളിയേയും സംബന്ധിച്ച വിവരവും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. അപേക്ഷകരുടെ ഈ മേഖലയിലുള്ള പ്രവർത്തന പരിചയം, ഡീലർഷിപ്പിന്റെ പഴക്കം, വാർഷിക് വിറ്റുവരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ ഒരു ഗുണഭോക്താവിന് നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പ്രവർത്തന മൂലധന വായ്പ അനുവദിക്കുന്നതാണ്. ഇതു സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.

***വസ്തു ജാമ്യം സംബന്ധിച്ച് ഹാജരാക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.***

- വസ്തുവിന്റെ അസ്സൽ പ്രമാണം
- വായ്പ നൽകപ്പെടുന്ന ഗുണഭോക്താക്കൾക്ക് 10 സെന്റിൽ കുറയാത്ത വസ്തു അല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥ ജാമ്യമായി സ്വീകരിക്കേണ്ടതാണ്.
- മുന്നാധാരം (ആവശ്യമെങ്കിൽ)
- വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റും,ലോക്കേഷൻ സ്കെച്ചും, സർട്ടിഫിക്കറ്റും തന്നാണ്ടത്തെ കരം അടച്ച രസീതും.
- സബ് രജിസ്ട്രാറിൽ നിന്നും ലഭിക്കുന്ന 13 വർഷത്തെ കുടിക്കിട സർട്ടിഫിക്കറ്റ്.
- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലുള്ള വസ്തുജാമ്യമായി സ്വീകരിക്കുന്നതല്ല.
- ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന വക്കീൽ ഫീസ്.
- ഭാഗികമായി ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

7. വായ്പ നൽകപ്പെടുന്ന ഗുണഭോക്താക്കൾക്ക് തിരിച്ചടവ് കാലയളവിന് മൊറോട്ടോറിയം ഒന്നും അനുവദിക്കുന്നതല്ല.
8. കോർപ്പറേഷൻ നിഷ്ക്കർഷിക്കുന്ന മാതൃകയിൽ നിശ്ചിത രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ പ്രവർത്തന മൂലധന വായ്പക്കായി പരിഗണിക്കുകയുള്ളു.
9. വായ്പയ്ക്ക് പ്രതിവർഷം 4% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. വായ്പ ലഭിച്ചു കഴിഞ്ഞ് തുടർന്നുള്ള 100 മാസകാലപരിധിക്കുള്ളിൽ, മുതലും, പലിശയും തുല്യ പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്.

10. ഗുണഭോക്താക്കൾ എല്ലാവരും തന്നെ കോർപ്പറേഷന്റെ ഭരണസമിതി നിശ്ചയിക്കുന്ന വായ്പാ സംബന്ധമായ നിബന്ധനകൾ പാലിക്കുവാൻബാധ്യസ്ഥരായിരിക്കും.

11. വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരും അവരുടെ ജാമ്യക്കാരും (ബാധകമാണെങ്കിൽ) കോർപ്പറേഷനുമായി നിശ്ചിത മാതൃകയിൽ ഒരു വായ്പാക്കരാറിൽ ഒപ്പുവക്കേണ്ടതാണ്.

12. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ലെറ്റർ ഓഫ് അപ്പോയിന്റ്മെന്റ്, ഡീലർഷിപ്പ് എഗ്രിമെന്റ് , ലെറ്റർ ഓഫ് റെക്കഗ്നേഷൻ, ബാലൻസ് ഷീറ്റ് ആന്റ് പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട്, ഇൻകം ടാക്സ് റിട്ടേൺ, പാർട്ട്ണർ ഷിപ്പ് ഡീഡ് തുടങ്ങിവയുടെ കോപ്പി ഏതെങ്കിലും പിന്നീട് വ്യാജമാണെന്ന് തെളിയുന്ന പക്ഷം അത്തരത്തിലുള്ള അപേക്ഷകരുടെ തിരഞ്ഞെടുപ്പ് മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതും അവർക്കു മേൽ കോർപ്പറേഷൻ നിയമാനുസൃതം നടപടി കൈക്കൊള്ളുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.എസ്.സുബ്ബയ്യ
പ്രിൻസിപ്പൽ സെക്രട്ടറി.

1.മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
2.പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), ആഡിറ്റ് കേരളാ, തിരുവനന്തപുരം.
4.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് (ബി) വകുപ്പ്.
5.ഐ ആന്റ് പി.ആർ.ഡി.വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു.പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2. ബഹു.പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം II

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പട്ടികജാതിപട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വായ്പ നൽകുന്ന പദ്ധതി നിബന്ധനകൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം. 587/2013/പജപവവിവ — തീയതി, തിരുവനന്തപുരം, 03.05.2013.

പരാമർശം: 1) 29.5.2012- ലെ സ.ഉ (സാധാ) നം. 776/12/പജപവവിവ.

2) കേരള സംസ്ഥാന പട്ടികജാതിപട്ടികവർഗ്ഗ വികസന കേർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 8.12.2012 ലെ ബി4/1249/12 നമ്പർ കത്ത്.

3) കേരള സ്റ്റേറ്റ് പട്ടികജാതി പട്ടികവർഗ്ഗ പെട്രോളിയം ഡീലേഴ്സ് അസോസിയേഷന്റെ 17.8.2012 ലെ നിവേദനം.

4) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ പെട്രോളിയം ഡീലേഴ്സ് & അലൈഡ് കോ -ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 5.2.2013 ലെ നിവേദനം.

**<u>ഉത്തരവ്</u>**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗീകൃത പെട്രോളിയം ഡീലർമാർക്ക് സ്വയം തൊഴിൽ ഉപാധി എന്ന നിലയിൽ കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വായ്പാ സഹായം നൽകുന്ന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്ന നിബന്ധനകളിൽ ക്രമ നം. 3,10 നിബന്ധനകൾ ഒഴിവാക്കി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവ് മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സുമൻ ബില്ല
സെക്രട്ടറി.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
പട്ടികജാതി പട്ടികവർഗ്ഗ വികസന ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ((എ&ഇ)/ ആഡിറ്റ് ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.